# പുള്ളിയൻ: ജീവലോകം, കടൽ ജീവിതം.

കെ.വി. ജ്യോതിഷ്

**സംഗ്രഹം**

കടൽ അനുഭവങ്ങളുടെ ,മികച്ച ആവിഷ്കാരത്തിലൂടെ, നോവൽ വായനയുടെ പുതുവഴി വെട്ടിയ സോമൻ കടലൂരിന്റെ പുള്ളിയൻ എന്ന നോവലിലെ കരയിലും കടലിലുമായ് പുലർന്ന അനേകം ജീവലോകത്തെക്കുറിച്ചുള്ള അന്വേഷണവും. വിവിധങ്ങളായ മൽസ്യങ്ങൾക്ക് വേണ്ടിയുള്ള കടൽ നായാട്ടുമാണ് ഈ പ്രബന്ധത്തിൽ പരാമർശിക്കുന്നത്. കടലിന്റെ പുറസ്ഥലികളേക്കാൾ അന്തർസ്ഥലികളുടെ ആഴങ്ങളിലേക്ക് ചരിച്ച് വെച്ച നോവൽ നോട്ടമായ് കാണാവുന്ന മലയാളത്തിലിറങ്ങിയ അപൂർവ്വം നോവലുകളിലൊന്നായ പുള്ളിയനിലെ മൽസ്യ സമൃദ്ധിയുടെ വിവരണം കൂടി ഈ പ്രബന്ധത്തിലൂടെ പറയാൻ ശ്രമിക്കുന്നു

**താക്കോൽ വാക്കുകൾ:**

അതിജീവനം, ചരിത്രഗതി, സൂക്ഷ്മ ലോകം, മാനവികത, ഉത്തരാധുനികത

അനേകം ജീവലോകങ്ങളിൽ പ്രത്യേകിച്ച് മൽസ്യങ്ങളുടെ സമൃദ്ധിയും കടൽ തൊഴിലുകാരുടെ മൽസ്യബന്ധന രീതിയുടെ സൂക്ഷ്മാഖ്യാനവും പുള്ളിയൻ എന്ന നോവലിൽ തളയൻ മീനിന്റെ വെള്ളി നിറം പോലെ വെട്ടിതിളങ്ങുന്നുണ്ട്.

നോവലിന്റെ മുൻകാല ചരിത്രത്തിൽ ആഴക്കടൽ ജീവിതം പരാമർശിക്കുന്ന നമുക്ക് പരിചിതമായതിൽ ഏറ്റവും പ്രധാനപ്പെട്ടവയിൽ ഒന്ന് ഹെമിങ്ങ് വേയുടെ "കിഴവനും കടലും " എന്ന നോവലാണ്. മലയാള നോവൽ ചരിത്രത്തിൽ ഉത്തരാധുനിക കാലത്ത് കടൽ ജീവിതത്തെ ആസ്പദമാക്കി എഴുതപ്പെട്ട നോവൽ എന്ന നിലയിൽ സാഹിത്യത്തിലെ ഉത്തരാധുനിക സവിശേഷതകളെ വഹിക്കുന്നുണ്ട് പുള്ളിയൻ.

ഈ സവിശേഷതകളെ മുൻനിർത്തി ഡോ: സോമൻ കടലൂരിന്റ പുള്ളിയൻ എന്ന നോവലിലെ ജീവലോകവും പ്രത്യേകിച്ച് മൽസ്യങ്ങളുടെ ജീവിത പരിസരവും അവയെ വേട്ടയാടുന്നരീതിയും എണ്ണമറ്റ മൽസ്യങ്ങളുടെ സമൃദ്ധിയും, കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

കടപ്പുറത്തേക്കിറങ്ങി വരുന്ന വഴിയിൽ തണൽ വിരിച്ച് കിടക്കുന്ന , ഉപ്പ് കാറ്റേറ്റ് തഴമ്പിച്ച പുന്നമരത്തിൽ അനേകം ജീവജാലങ്ങൾ അഭയം പ്രാപിച്ചത് ഒന്നാമധ്യായത്തിൽ കാണാം.

"കടൽപ്പരുന്തുകൾ അതിൽ കൂട്ട കൂട്ടി, കടൽ പക്ഷികൾ വിശ്രമിച്ചു . കൊറ്റികൾ എപ്പോഴും ധ്യാനത്തിനെത്തി. കാക്കയും മൈനയും. അണ്ണാനും സ്നേഹാധികാരത്തോടെ കൂട് വെച്ചു മീനുകൾ പതിനായിരം തലമുറകളായ് പെരുത്തു " അനേകം ജീവലോകങ്ങളുടെ ആവാസ വ്യവസ്ഥയെ പരാമർശിച്ച് കൊണ്ട് ആഴങ്ങളിലേക്കിറങ്ങുകയും കരയിലേക്ക് പറന്നും വിഹരിക്കുന്ന ജീവലോകങ്ങളുടെ അപരിമേയ കാഴ്ച ഓരോ അടരുകളിലും കാണുമ്പോൾ മനുഷ്യകഥാപാത്രങ്ങളെ പോലെയോ അധികമോ മറ്റ് ജീവലോകങ്ങൾക്ക് പ്രാധാന്യം കൊടുത്തിട്ടുള്ളതായ് മനസ്സിലാക്കാം.

നോവലിലെ നായകൻ ചിരുകണ്ടന്റെ കടൽ തൊഴിലും അയാളുടെ ജീവിത പരിസരങ്ങളും ഓർമ്മയിലൂടെ അനാവൃതമാകുന്ന ശൈലിയിലാണ് നോവൽ പ്രയാണമാരംഭിക്കുന്നത്. ആഴക്കടലാണ് പ്രധാനമായും നോവലിലെ പരിസരം

'മലയാളത്തിലെ ആദ്യത്തെ നോട്ടിക്കൽ നോവലെന്ന് പുള്ളിയനെ വിശേഷിപ്പിക്കാം" (ഡോ പി. സുരേഷ്) ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന തെളിവുകളാണ് നോവൽ യാത്രയിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുക. പുള്ളിയൻ ഏതാണ്ട് പൂർണ്ണമായും കടലെഴുത്താണെന്നുള്ളത് പരിശോധിച്ചാൽ നമുക്ക് മനസ്സിലാവും. കടൽ തൊഴിലുകാരുടെ മീൻപിടുത്തവും അവരുടെ ജീവിതരീതിയും അവർക്കിടയിലുള്ള പാട്ടുമൊക്കെ മൽസ്യങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള സ്വപ്നവും വിശ്വാസവുമായി ബന്ധപ്പെട്ടതാണ് ചിരുകണ്ടന്റെ 'മൗനനിമിഷങ്ങളിൽ പോലും ഓർമ്മകളുടെ മീനുകൾ കെണിഞ്ഞ് വിസ്താരമാകുന്നുണ്ട്.' നായകന്റെ ഓർമ്മയിൽ മരിച്ചു പോയ തന്റെ അമ്മ പാടി തരുന്ന രൂപത്തിൽ കടൽ തൊഴിലുകാരുടെ തനതായ നാടൻ പാട്ടും കാണാം മീനുകളുടെ സമൃദ്ധി സ്വപ്നം കാണുന്ന ജീവിതമാണവരുടേത്.

" താത്തിരി തീത്തൽ എന്ന മീനിന്റെ മോൾക്ക് മങ്ങലമായിരുന്നു. ചോന്നാക്കീരന്റെ മോനാണ് പുയ്യാപ്ല മീനുകളെ എല്ലാവരേയും മങ്ങലം വിളിച്ചിട്ടുണ്ട് .എന്തുകൊണ്ടോ മൂന്ന് മീനുകളെ ക്ഷണിച്ചിട്ടില്ല
മങ്ങല ദിവസം കൊഞ്ചൻ മീൻ പോയി കുത്തിയിളക്കാൻ തുടങ്ങി കൂന്തല്മീൻ മഷിയിളക്കുകയും ! മുല്ലൻ മീൻ ചൂട്ട് കത്തിക്കുകയും ചെയ്തു ! മങ്ങലമെല്ലാം (വിവാഹം ) അലങ്കോലമാകുകയും ചെയ്തു ."

ചിരുകണ്ടന്റെ പാട്ടുകഥയിൽ മുങ്ങി തപ്പുമ്പോൾ കടലുകരയും അവിടുത്തെ നിവാസികളുടെ ജീവിതം തളിർക്കുന്ന മൽസ്യങ്ങളുടെ കലവറയും കാണാം. മീത്തലെ

വലിയ പറമ്പ് കഴിഞ്ഞാൽ വെള്ളക്കെട്ടിന്നരികിലൂടെ ഉള്ള ചതുപ്പ് നിലങ്ങളിൽ അമർന്ന ആമകളെ കാണുന്നുണ്ട് ചളിനീക്കി അട്ടിയട്ടിയായ് സമാധി കൊള്ളുന്ന ആമകളെ പിടികൂടി പരദേശികൾ ചാക്കിലാക്കുന്ന രംഗം വിശദീകരിക്കുന്നുണ്ട്. ഇങ്ങനെ കള്ളുണിയും കോഴിയും കുറുക്കനും വയലുകളിലെ നമച്ചിയും തുടങ്ങി അനേകം ജിവലോകങ്ങളുടെ പരിസരവും പുള്ളിയനിൽ കണ്ടെത്താം.

പച്ചക്കൊട്ടമെടഞ്ഞ് അരയിൽ കെട്ടി കഴുത്തോളം വെള്ളമുള്ള തോട്ടിൽ കരിക്കാടികൊഞ്ചനെ തപ്പുന്ന ബാല്യമാണ് നോവലിലെ ചിരുകണ്ടൻ എന്ന നായകന്. കടലിനോട് ചേർന്നുള്ള തോട്ടിലാണ് മൽസ്യവേട്ടയുടെ ആദ്യ പാഠങ്ങൾ പഠിക്കുന്നത്. വെള്ളക്കൊഞ്ചൻ, പയ്യത്തി, ക്ലൂരാൻ, മാലാൻ, കൊളോൻ, കീരൻ ഇങ്ങനെ പലതരം മീനുകളെ തപ്പിപ്പിടിച്ച് കൊട്ടയിലിടും "അരക്കൊട്ടയിൽ ചെമ്മീനുകളുടെ പ്രാണൻ പിടയുന്ന ചെണ്ടപ്പുറം" നോവലിസ്റ്റിന്റെ ഈ പ്രയോഗത്തിൽ നായകന്റെ ആദ്യകാല വേട്ടയുടെ ചൂര് നാം അനുഭവിക്കുന്നു. " നോവലിലെ ഓരോ വാക്കിലും മീൻ ചൂരാണ് മീൻപുളയലുകളുടെ അക്ഷര വേലിയേറ്റമാണ് (വിഷ്ണുമംഗലം കുമാർ) ഇത്തരം മീൻപുളയലുകളുടെ കടൽ വേട്ട ചെറുപ്രായം മുതൽ നോവലിലെ നായകൻ തുടരുന്നുണ്ട്.

നോവലിൽ പരാമർശിക്കുന്ന കടലുങ്കര എന്ന ഗ്രാമം വടകരക്കും കൊയിലാണ്ടിക്കുമിടയിലുള്ള ദേശമാണെന്ന് സൂചനകളിലൂടെ മനസ്സിലാക്കാം.

മൽസ്യബന്ധനത്തിന്റെ തുടിപ്പ് പല അധ്യായങ്ങളിലും കുടഞ്ഞിടുന്ന നാടൻ പാട്ടിലൂടെ വിശദീകരിക്കുമ്പോൾ ആ പാട്ടിലുള്ള പ്രാദേശിക ഭാഷാഭേദം നോക്കിയാൽ മനസ്സിലാക്കാൻ കഴിയും

" ഏട്ടയ്ക്ക് മൂട്ടേണ്ടോ കോട്ടക്കക്കൽ ചങ്ങരച്ചാ

മുറിച്ചാലറിഞ്ഞൂടെ

കുത്തിച്ചി കുട്ട്യേല്യ, "

ഇതിലെ ചങ്ങരച്ചൻ എന്ന പ്രയോഗം പ്രത്യേകിച്ച് കൊയിലാണ്ടി വടകര താലൂക്കുകളിലാണ് സാധാരണ പ്രയോഗിക്കാറ്

"തിരണ്ടിയെന്ന പരന്ന മീനിനെ

കരണ്ടിയിലിട്ട് വറുത്തുടൻ

തെരണ്ട പെണ്ണിന് നൽകുകിൽ

ഉരുണ്ടുരുണ്ട് വെറും മുല"

ഇങ്ങനെ നോവലിലെ കഥാപാത്രങ്ങൾ പാടുന്ന പാട്ടിലും ആ ജനത സൂക്ഷിച്ച മൽസ്യക്കനവും ഭാഷാഭേദവും വിശ്വാസവും കാണാവുന്നതാണ്.

കരയിൽ നിന്ന് ആഴക്കടലിലേക്ക് നോവലിലെ നായകൻ മീൻ വേട്ടക്ക് അച്ഛനോടൊപ്പമാണ് ആദ്യകാലങ്ങളിൽ യാത്രയാവുന്നത്

"നേരിയ ഇരുട്ടും കടൽമഞ്ഞും വല നീർത്തിയ രാക്കടലിൽ ഇപ്പോൾ ചൂണ്ടക്കയറുമായ് ഒരച്ഛനും മകനും ഒട്ടു നേരത്തെ ശ്രമത്തിനു ശേഷം ഒരു വലിയ ചെമ്പല്ലി കനത്ത ശബ്ദത്തോടെ വീണു തോണിയെ കുടുക്കി കൊണ്ട് ചെമ്പല്ലി തലകുത്തിപ്പിടഞ്ഞു "

ആദ്യകാലങ്ങളിൽ ചൂണ്ടയുമായിട്ടാണ് മീൻപിടിക്കാൻ പോയതെന്ന് കാണാം ഇന്നത്തെപ്പോലെ യന്ത്രബോട്ടും ആധുനിക സൗകര്യങ്ങളുമില്ലാത്ത കാലത്ത മൽസ്യബന്ധനമാണ് പുള്ളിയനിൽ നായകന്റെ ആദ്യകാല അനുഭവങ്ങളിൽ കോർത്ത് വെക്കുന്നത്

മത്തിയുടെ ചാകര വ്യക്തമാക്കുന്നുണ്ട് നോവലിൽ " മത്തിയുടെ പൊലപ്പ് കണ്ടാൽ കാണുന്ന തോണി അടയാളം കൊടുക്കും രണ്ട് തോണിയും അടുപ്പിച്ചാണ് പിന്നെ മീൻപിടുത്തം " കടലിന്റെ നീലപരപ്പിലാണ് മത്തിയുടെ കൊലപ്പ് കാണപ്പെടുക

"നീല ജല തരംഗം ഇളം ചുവപ്പിൽ കറുപ്പ് കലർന്നപ്പോൾ ചായിക്കാരൻ നാരായണൻ ആർത്തു !

പൊലപ്പ് മത്തിപ്പൊലപ്പ് "

പിന്നെ മത്തി ചാകരയുടെ ആഘോഷമാണ്. നീല ജലതരംഗത്തിൽ ആഴക്കടലിലാണ് മത്തി കൂട്ടത്തോടെ ഉണ്ടാവാറുള്ളത്.

നോവലിലെ പേര് സൂചിപ്പിക്കും പോലെ പുള്ളിയൻ എന്ന തിരണ്ടിയുടെ ജീവിത പരിസരത്തെ പല ഘട്ടങ്ങളിലും നോവലിൽ പരാമർശിക്കുന്നുണ്ട്. ഇത്രയും ഭീമാകാരനായ പുള്ളിയൻ തിരണ്ടിയെക്കുറിച്ചുള്ള അറിവ് വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ വന്യതയും അക്രമ സ്വഭാവവും നോവലിസ്റ്റിന്റെ വിവരണത്തിലൂടെ ആഴത്തിൽ അറിയുന്നു.

പുള്ളിയൻ വരുമ്പോൾ ആ ഭാഗമാകെ കടല് കറുപ്പ് നിറമാകും. പുള്ളിയന്റ അടിഭാഗത്ത് ആയിരക്കണക്കിന് പറ്റ് മീനുകളുണ്ടാവും. പുള്ളിയൻ ചത്താൽ മാത്രമേ അവറ്റ മറ്റ് തെരണ്ടിയുടെ പള്ള നോക്കിപ്പോകു. തെരണ്ടിയെ സാധാരണ ചൂണ്ടയിൽ കിട്ടാറില്ല. കക്കതിരണ്ടിയെ ഒരിക്കൽ ചൂണ്ടയിൽ കിട്ടിയത് ചിരുകണ്ടൻറ അച്ഛൻ ഓർക്കുന്നുണ്ട്.

ചൂണ്ടയിലോ വലയിലോ കനി മീൻ കെണിഞ്ഞാൽ കടലുങ്കരക്കാർ അളിയന് പോലും കൊടുക്കില്ല എന്ന ചൊല്ലുണ്ട്. അത്ര സ്വാദാണ് കനി മീനിന് രസത്തിന്റെ പരകോടിയാണ് കനി മീൻ.

ആഴക്കടലിൽ നിന്ന് കനി മീനെ പിടിക്കുമ്പോൾ അവരുടെ സന്തോഷവും പരകോടിയിലാവും. മാന്തലുകൾ, ആവോലി, വെള്ള ആവോലി, അയില, കൊലപ്പ് ചെറുമീനുകൾ തുടങ്ങി അക്ഷരങ്ങൾ മുഴുവൻ മൽസ്യങ്ങൾക്ക് വേണ്ടി നിരത്തിയത് പോലെ ചില അധ്യായങ്ങൾ മൽസ്യങ്ങളുടെ വേലിയേറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കടലിലെ ചെങ്കൽപ്പാറയിൽ മുരു കൊത്താൻ പോകുന്ന രംഗമുണ്ട് നോവലിൽ ' മുരു' എന്നാൽ പല നാട്ടിലും പല പേരുകളിലാണ് അറിയപ്പെടുക. ഇതിന്റെ തോട് കൊണ്ട്

കുമ്മായം ഉണ്ടാക്കുന്ന രീതി ഉണ്ട്. കല്ലുമ്മക്കായ പോലെ പാറയിൽ ഒട്ടിപ്പിടിച്ചാണ് മുരു ഉണ്ടാവുക ഇതിന്റെ ഇറച്ചിക്ക് നല്ല രുചിയാണ് മുരുകൊത്തുക എന്നാണ് ഇവയെ ശേഖരിക്കുന്നതിന്റെ പേര് ചെങ്കൽ പാറയിൽ തന്നെ കല്ലുമ്മക്കായയുടെ വിപുലമായ ശേഖരവുമുണ്ട് .

കടങ്കഥ എന്ന അധ്യായത്തിൽ ചുവപ്പൻ സ്രാവിനെ പിടിക്കാൻ ആകർഷിക്കുന്ന രീതി വ്യക്തമാക്കുന്നുണ്ട് .

"മീൻ പിടുത്തക്കാരുടെ അനുഭവങ്ങളും കടലറിവുകളും ചരിത്രവും ഐതീഹ്യവും യാഥാർത്ഥ്യവും മറ്റെന്തക്കെയോ ആയി തീരും. (എൻ. ശശിധരൻ) ഈ അഭിപ്രായം ഇവിടെ പ്രസക്തമാണ്.

" സൂര്യൻ പടിഞ്ഞാറ് താഴാൻ തുടങ്ങി ആകാശത്ത് നീലയിൽ വാരിയെറിഞ്ഞ മഞ്ഞച്ചായം ചുവപ്പിന് വഴി മാറാൻ തുടങ്ങി. ഇരയുടെ മണം പിടിച്ച് റോന്ത് ചുറ്റുന്ന ചുവപ്പൻ സ്രാവിനെ കാണാൻ അയാൾ കൊതിച്ചു ചിരുകണ്ടൻ  പിച്ചാത്തി, കാലിന്റെ വെള്ളയിൽ വെച്ച് ഒറ്റ വലി ചോര ചീറ്റി! കാല് നേരെ കടൽവെള്ളത്തിലേക്ക് താഴ്ത്തിവെച്ചു .എത്ര ദൂരത്താണെങ്കിലും മനുഷ്യന്റെ ചോരയുടെ ഉളുമ്പ് മണം സ്രാവ് പിടിച്ചെടുക്കും ഇങ്ങനെ വളരെ പ്രധാനപ്പെട്ട കടൽ അറിവ് എന്ന നിലയിൽപകർന്ന് വെക്കുന്നുണ്ട് നോവലിൽ.

മീനും മനുഷ്യനും എന്ന അധ്യായത്തിൽ പക്ഷിയാകാനുള്ള മീനിന്റെ കൊതിയെ വെളിപ്പെടുത്തുന്ന പറവ മീനുകളെപ്പറ്റി പരാമർശിക്കുന്നുണ്ട്. "ആകാശത്ത് പറക്കാൻ മീനുകൾക്കൊക്കെയുള്ള പൂതിയാണ് അത് ഇടയ്ക്ക് പ്രകടിപ്പിക്കുന്നത് ! അബദ്ധത്തിൽ ചിരുകണ്ടന്റ തോണിയിൽ പറന്ന് വീണിരുന്ന പറവ മീനിനെ കാണാൻ കഴിയും കൂടാതെ കട്ടം പിരി കണ്ണിക്കൻ തുടങ്ങിയ മീനുകളെ പിടിക്കുന്നതും പലയിടങ്ങളിലായ് വിവരിക്കുന്നുണ്ട്. കണ്ണിക്കൻ അതിവിശിഷ്ടമായ സ്വാദുള്ള മീനാണ്.

മൽസ്യങ്ങളുടെ ഇടയിൽ രുചിയുടെ രാജാവായ അയക്കൂറയെ ചിരുകണ്ടന് പിടിക്കാൻ പഠിപ്പിക്കുന്നത് തെക്ക് വിഴിഞ്ഞം ദേശക്കാരനായ അയക്കൂറവേട്ടക്കാരനായ വെഞ്ചിലാസ് ആണ് !

എര അഴിത്ത് പോവാത്ത മട്ടിൽ ചൂണ്ടക്കയർ കോർക്കുന്ന വിദ്യ വെഞ്ചിലാസ്ചിരുകണ്ടനെ പഠിപ്പിക്കുന്നുണ്ട് അയക്കൂറ വേട്ട സാധാരണ മീൻ പിടിക്കുന്ന രീതിയിലല്ല ചൂണ്ട പതിയിടുന്ന രീതി വ്യത്യസ്തമാണ് മറ്റാരേയും പഠിപ്പിക്കാത്ത വിദ്യ ചിരുകണ്ടനെ വെഞ്ചിലാസ് പഠിപ്പിക്കുന്നു.. ഓരോ മൽസ്യങ്ങളുടേയും ലോകം വ്യത്യസ്തമാണ് കടലിന്റെ ഏത് ഭാഗങ്ങളിലാണ് മീനുകളുണ്ടാവുക എന്നത് മൽസ്യതൊഴിലാളികളുടെ അനുഭവകരുത്തിലൂടെ അറിയാം.

**ഉപസംഹാരം**

ചിരുകണ്ടന്റെ സ്വപ്നം പുള്ളിയൻ തിരണ്ടിയെ പിടിക്കുക എന്നതാണ്. ആ കൂറ്റൻ തിരണ്ടിയെ കണ്ടാൽ തിമിംഗലങ്ങൾ പോലും ഒഴിഞ്ഞ് മാറും. കൊമ്പൻ തിരകൾ അവന്റെ കാൽക്കീഴിൽ മണം പിടിച്ച് നില്ക്കും. ഒടുവിൽ അവനെ കുരുക്കുന്ന മായിക പരിസരങ്ങളിൽ നോവൽ അവസാനിക്കുകയാണ്.

ഉത്തരാധുനിക കാലത്തെ നോവൽ ആഖ്യാനങ്ങളുടെ സവിശേഷത പുള്ളിയനിലും കാണാം. അരിക് വൽക്കരിക്കപ്പെട്ട ജനതയുടെ ജീവിത സാഹചര്യം ശക്തമായിപ്രതിപാദിക്കുന്ന നോവൽ കൂടിയാണ് പുള്ളിയൻ. അവരുടെ ജീവിതത്തിലെ മാനവികത പുതിയ കാലത്ത് എടുത്ത് പറയേണ്ടതാണ്. വിവിധ വിശ്വാസങ്ങളും ആചാരങ്ങളും തുടരുമ്പോൾ അവർക്കിടയിൽ ഒരു ഭേദവും കാണുന്നില്ല. നോവൽ ഒരിടത്ത് തുടങ്ങി അതിന്റെ തുടർച്ചയിൽ അവസാനിക്കുന്ന രീതിയിലല്ല പുള്ളിയനും ആഖ്യാനം

ചെയ്യപ്പെട്ടിരിക്കുന്നത്. പല അടരുകളിൽ പൂത്ത കഥകളുടെ മേളമാണ് പുള്ളിയനിൽ പെരുക്കുന്നത്. സൂക്ഷ്മതലത്തിൽ നോവലിനെ വാർത്തെടുക്കുമ്പോൾ മനുഷ്യർക്കൊപ്പമോ അതിൽ കൂടുതലോ ചുറ്റുമുള്ള ജീവലോകങ്ങളെ കാണിക്കുന്നുണ്ടെന്നത് പ്രധാനപ്പെട്ട സവിശേഷതയായ് കാണാം.

**സഹായക ഗ്രന്ഥങ്ങൾ**

എൻ ശശിധരൻ , പുള്ളിയൻ മനുഷ്യ സംസ്കൃതിയുടെ ഈറ്റുപുര,ഫേസ്ബുക്ക് കുറിപ്പ്

ഏണസ്റ്റ് ഹെമിംഗ് വേ, ഷീൻ അഗസ്റ്റിൻ(വിവ), കിഴവനും കടലും, പാപ്പിയോൺ ബുക്സ്

ഡോ: പി സുരേഷ് , പുള്ളിയൻ സ്മൃതി ജലത്തിലെ ഏകാന്ത നാവികൻ, ലേഖനം/wtplive

ഡോ: സോമൻ കടലൂർ പുള്ളിയൻ ഡി.സി ബുക്സ്, 2022.

വിഷ്ണുമംഗലം കുമാർ, അക്ഷര കടലിലെ പുള്ളിയൻ പുളയലുകൾ, ഫേസ്ബുക്ക് കുറിപ്പ്.

**കെ. വി. ജ്യോതിഷ്**

jyothishmuyippoth@gmail.com